**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 245** **07-10-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ അനുവദിക്കപ്പെട്ട എം.സി.എച്ച്. കോഴ്സ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ 2 സീറ്റുകളോട്ടു കൂടി MCH കോഴ്സ് ആരംഭിക്കുന്നതിനു 28.12.2023 തിയ്യതിയിൽ സർക്കാർ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. പ്രസ്തുത കോഴ്സ് നടത്തിപ്പിന് കേരള ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷനും ലഭ്യമായിട്ടുണ്ട്. NMC യുടെ അനുമതി ലഭിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജിൽ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ എത്ര ഡോക്ടർമാരുണ്ടെന്നും, എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ അനുവദിക്കപ്പെട്ട 5 തസ്തികകളിൽ (1 പ്രൊഫസർ, പുതുതായി സൃഷ്ടിച്ച 1 അസ്സോസിയേറ്റ് പ്രൊഫസർ, 3 അസിസ്റ്റന്റ് പ്രൊഫസർ) പ്രൊഫസർ, 1 അസിസ്റ്റന്റ് പ്രൊഫസർ നിലവിൽ ജോലി ചെയ്തുവരുന്നു. ഇത് കൂടാതെ ഒരു അസിസ്റ്റന്റ് പ്രൊഫെസറിനെ പുതുതായി നിയമിച്ച് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ഒരു അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ് പി എസ് സി -യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതുതായി സൃഷ്ടിച്ച അസ്സോസിയേറ്റ് പ്രൊഫസർ തസ്തിക യോഗ്യരായവർ ഇല്ലാത്തതിനാൽ നികത്തപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ